## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**04.02.2020 ൽ മറുപടിക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 547**

### കെ-സ്വിഫ്റ്റ് പോർട്ടൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേകം നിയമനിർമ്മാണം നടത്തിയതിനെത്തുടർന്ന് 2019 ഫെബ്രുവരിയിൽ കെ-സ്വിഫ്റ്റ് പോർട്ടൽ ആരംഭിച്ചിരുന്നോയെന്ന് അറിയിക്കാമോ; | (എ) & (ബി) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേകം നിയമനിർമാണം നടത്തിയതിനെത്തുടർന്ന് 2019 ഫെബ്രുവരി 11 ന് ആരംഭിച്ചിട്ടുള്ള കെ-സ്വിഫ്റ്റ് പോർട്ടൽ വഴി ഇതിനോടകം വ്യവസായം ആരംഭിക്കുന്നതിലേയ്ക്കായി 519 കോമൺ അപ്ലിക്കേഷൻ ഫോം സമർപ്പിച്ചതിൽ 481 അനുമതികൾ/ ലൈസൻസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 251 അനുമതികൾ /ലൈസൻസുകൾ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പോർട്ടൽ വഴി വ്യവസായം ആരംഭിക്കുന്നതിന് ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിലെത്ര അപേക്ഷകൾക്ക് അനുമതി നൽകിയെന്നും വ്യക്തമാക്കുമോ; | | |
| സി) | അപേക്ഷ നൽകി 30 ദിവസം കഴിഞ്ഞിട്ടും അനുമതി നൽകാത്ത സാഹചര്യത്തിൽ എത്ര അപേക്ഷകർക്ക് ഡീമ്ഡ് ലൈസൻസ് ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (സി) | 150 അപേക്ഷകൾക്ക് ഡീംഡ് ലൈസൻസ് ലഭിച്ചിട്ടുണ്ട്. |
| (ഡി) | കെ-സ്വിഫ്റ്റ് പോർട്ടലിന് എന്തെങ്കിലും സാങ്കേതിക തകരാർ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ; | (ഡി) | കെ-സ്വിഫ്റ്റ് പോർട്ടൽ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായി ബന്ധിപ്പിച്ച് പ്രവർത്തിക്കുന്ന ഒന്നാണ്. വ്യവസായ സംരംഭകർ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ആവശ്യപ്പെടുന്നതനുസരിച്ച് പോർട്ടലിന് കൂടുതൽ ഉപയോഗ്യത വരുത്തുന്നതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി.യുടെ നിർദ്ദേശം അനുസരിച്ച് എൻ.ഐ.സി. യാണ് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നത്. ഇതിനു വേണ്ടി പ്രത്യേകം തുക ചെലവഴിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | 2019 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്ത കെ-സ്വിഫ്റ്റ് പോർട്ടൽ 2020 ജനുവരിയിൽ വീണ്ടും ഉദ്ഘാടനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ സാഹചര്യമെന്തായിരുന്നുവെന്ന് അറിയിക്കാമോ? | (ഇ) | 2019 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്ത കെ-സ്വിഫ്റ്റ് പോർട്ടൽ 2020 ജനുവരിയിൽ വീണ്ടും ഉദ്ഘാടനം ചെയ്തിട്ടില്ല. നിയമസഭ പാസ്സാക്കിയ 2019 ലെ കേരള സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം 2019 ഡിസംബർ 7 ന് വിജ്ഞാപനം ചെയ്യുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നിലവിലുണ്ടായിരുന്ന കെ-സ്വിഫ്റ്റ് പോർട്ടലിൽ മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികളും വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളും അപ്രൂവലുകളും പെർമിറ്റുകളും ഹാജരാക്കുന്നതിന് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിലേയ്ക്കായി സ്വയം സാക്ഷ്യപത്രം നല്കുന്ന മുറയ്ക്ക് കൈപ്പറ്റ് രസീത് നല്കുന്ന ഓൺലൈൻ സംവിധാനം കൂടി ഉൾക്കൊള്ളിച്ചതിന്റെ ഔദ്യോഗിക പ്രഖ്യാപനമാണ് 2020 ജനുവരിയിൽ നടന്നത്. |

**സെക്ഷൻ ഓഫീസർ**